# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **2631.** **09-05-2017 ൽ മറുപടിയ്ക്ക്**

## തിരുനെല്ലൂർ പാടശേഖരത്തിലെ നെൽകൃഷി

**ചോദ്യം**
ശ്രീ.മുരളി പെരുനെല്ലി

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മണലൂർ നിയോജകമണ്ഡലത്തിലെ മുല്ലശ്ശേരി പഞ്ചായത്തിലെ തിരുനെല്ലൂർ പാടശേഖരത്തിൽ വരുന്ന സീസണിൽ പൂർണ്ണതോതിൽ നെൽകൃഷിയിറക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | മണലൂർ നിയോജകമണ്ഡലത്തിലെ മുല്ലശ്ശേരി പഞ്ചായത്തിലെ തിരുനെല്ലൂർ പാടശേഖരത്തിലെ 10 ഹെക്ടറോളം പ്രദേശത്ത് ഭാഗീകമായി മാത്രമാണ് കഴിഞ്ഞ സീസണിൽ കൃഷിയിറക്കാൻ സാധിച്ചത്. കൃഷിയ്ക്ക് അനുയോജ്യമായ തരിശായ സ്ഥലങ്ങൾ കണ്ടെത്തി വ്യക്തമായ പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് നെൽകൃഷി വ്യാപനത്തിനായി നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഇവിടെ കർഷകർക്ക് എന്തെല്ലാം സഹായങ്ങളും സൗകര്യങ്ങളും ലഭ്യമാക്കുമെന്ന് അറിയിക്കാമോ? | (ബി) | പാടശേഖരത്തിലെ കർഷകർക്ക് വരുന്ന സീസണിൽ നെൽകൃഷിയിറക്കുന്നതിനായി സുസ്ഥിര നെൽകൃഷി വികസനം, ആർ.കെ.വി.വൈ. പദ്ധതി, നെൽകൃഷി ഉല്പാദക ബോണസ് എന്നീ പദ്ധതികൾ മുഖേന ധനസഹായം നൽകുന്നതാണ്. ഇതോടൊപ്പം ത്രിതല പഞ്ചായത്ത് ഫണ്ടുകൾ ഉപയോഗിച്ച് ഉല്പാദനോപാധികൾക്കുള്ള ധനസഹായവും നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ